# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6361** **31.10.2011-ൽ മറുപടിക്ക്**

## ഫുട്ബോൾ

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി

**മറുപടി**

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി)

(എ) യുവാക്കളിൽ ഫുട്ബോൾ കളിയോടുള്ള താല്പര്യം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എ) ഇല്ല;

(ബി) നല്ല ഫുട്ബോൾ കളിക്കാരെ വളർത്തി യെടുക്കുന്നതിനും ഫുട്ബോൾ കളിക്ക് പ്രചാരം നൽകുന്നതിനും എന്തെല്ലാം സഹാ യങ്ങളാണ് നൽകി വരുന്നത്;

(സി) ഫുട്ബോൾ കളിയിലേക്ക് സ്കൂൾ കുട്ടി കളെ ആകർഷിക്കുന്നതിന് പദ്ധതി തയ്യാറാ ക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്ത മാക്കുമോ?

(ബി) & (സി) ഫുട്ബോൾ കളിയിലേയ്ക്ക് സ്ക്കൂൾ കുട്ടികളെ ആകർഷിക്കുന്നതിന് നില വിലുള്ള 'വിഷൻ ഇന്ത്യ കേരള പദ്ധതി' എല്ലാ ജില്ലകളിലും നടപ്പാക്കിയതിനനുസരിച്ച് പ്രവർത്തനം സുഗമമായി നടന്നുവരുന്നു. ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷ ന്റെയും കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസി ലിന്റെയും കേരള ഫുട്ബോൾ അസോസിയേ ഷന്റെയും ആഭിമുഖ്യത്തിലാണ് പദ്ധതി കേരള ത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ (2008-09 വർഷത്തിൽ) തിരു വനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ത്.

ആദ്യ ഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളിൽ ഓരോ ജില്ലയിൽ നിന്നും 8 വീതം സ്ക്കൂളു കളെ പ്രസ്തുത പദ്ധതിയുടെ കീഴിൽ കൊണ്ടു വരികയും അവർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഒരു സ്ക്കൂളിൽ 40 കുട്ടികളെ വീതം 8 സ്ക്കൂളുകളിലായി 320 കുട്ടികൾ വച്ച് 7 ജില്ലകളിൽ 2240 കുട്ടികൾക്ക് പരിശീലനം ആരംഭിക്കുകയും ഇപ്പോൾ ടി സ്ക്കൂളുകളിൽ 25 കുട്ടികളെ വീതം 8 സ്ക്കൂളുകളിലായി 200 കുട്ടികൾ വച്ച് 7 ജില്ലകളിൽ 1400 കുട്ടികൾക്ക് പരിശീലനം നൽകിയും വരുന്നു. പ്രസ്തുത

ജില്ലകൾക്ക് ഫുട്ബോളും യൂണിഫോമും വാങ്ങുന്നതിലേയ്ക്കായി 50000 രൂപ വീതം നൽകിയിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളിൽ ഓരോ ജില്ലയിൽ നിന്നും 5 വീതം സ്ക്കൂളുകളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്ന് അവർക്ക് പരിശീലനം നൽകിവരുന്നു. ഒരു സ്ക്കൂളിൽ 25 കുട്ടികളെ വീതം 5 സ്ക്കൂളുകളിലായി 125 കുട്ടികൾ വച്ച് 7 ജില്ലകളിൽ 875 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. പ്രസ്തുത ജില്ലകൾക്ക് ഫുട്ബോളും യൂണിഫോമും വാങ്ങുന്നതിലേയ്ക്കായി 75000 രൂപ വീതം നൽകിയിട്ടുണ്ട്.

സ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ട്രെയിനർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ ട്രെയിനർമാർക്ക് ഏഷ്യൻ ഫുട്ബോൾ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 'സി' ലെവൽ ലൈസൻസ് കോഴ്സിലൂടെ പരിശീലനം നൽകുകയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ Introductory, Refresher Course എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്.

കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് ജില്ലാ തലങ്ങളിൽ അതാത് സ്ക്കൂളുകളിൽ ലീഗ് മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഇതിൽ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ ജില്ലകളെ പ്രതിനിധീകരിച്ച് സംസ്ഥാനതല ലീഗ് മത്സരങ്ങളിൽ പങ്കെടുക്കുന്നു.

പ്രസ്തുത സംസ്ഥാനതല ലീഗ് മത്സരങ്ങൾ 2010 മെയ് 12 മുതൽ 21 വരെ നടക്കുകയുണ്ടായി. ഒന്നാം സ്ഥാനം നേടിയ മലപ്പുറം ജില്ലയിലെ മമ്പാട് ജി.വി.എച്ച്.എസ്.-ന് ഒരു ലക്ഷം രൂപയും ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിയും, രണ്ടാം സ്ഥാനം നേടിയ കോഴിക്കോട് ജില്ലയിലെ സെന്റ് ജോസഫ്സ് ബോയ്സ് ഹൈസ്ക്കൂളിന് 50000 രൂപയും ട്രോഫിയും, മൂന്നാം സ്ഥാനം നേടിയ എറണാകുളം ജില്ലയിലെ തേവര എസ്.എച്ച്.എച്ച്.എസ്.എസ്.-ന് 25000 രൂപയും ട്രോഫിയും വിതരണം ചെയ്യുകയുണ്ടായി.

പ്രസ്തുത പദ്ധതിയുടെ 2011 വർഷത്തിലെ സംസ്ഥാനതല ലീഗ് മത്സരങ്ങൾ ആദ്യഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളുടേത് 2011 ജനുവരി 20 മുതൽ 23 വരെ പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ വച്ചും, രണ്ടാം ഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളുടേത് 2011 ജനുവരി 31 മുതൽ ഫെബ്രുവരി 3 വരെ കോട്ടയം ജില്ല

യിൽ വച്ചും നടക്കുകയുണ്ടായി. പങ്കെടുത്ത എല്ലാ ടീമുകൾക്കും 10000 രൂപ വീതവും സംസ്ഥാന മത്സരത്തിൽ പങ്കെടുത്ത് ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവർക്ക് ട്രോഫിയും വ്യക്തിഗത മെഡലുകളും സമ്മാനമായി സ്പോർട്സ് കിറ്റുകളും നൽകുകയുണ്ടായി.

ഈ മത്സരങ്ങളിൽ ആദ്യഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളിൽ ഒന്നാം സ്ഥാനം തിരുവനന്തപുരം ജില്ലയ്ക്കും രണ്ടാം സ്ഥാനം കോഴിക്കോട് ജില്ലയ്ക്കും രണ്ടാം ഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളിൽ ഒന്നാം സ്ഥാനം കോട്ടയം ജില്ലയ്ക്കും രണ്ടാം സ്ഥാനം വയനാട് ജില്ലയ്ക്കും ലഭിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ